**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630** | **31-08-2022 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമത്തിൽ നിന്ന് കർഷകരെ രക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വായ്പക്കുടിശിക വരുത്തുന്നവരുടെ കിടപ്പാടം നഷ്ടപ്പെടുത്തുന്ന സർഫാസി നിയമത്തിൽനിന്ന് സാധാരണക്കാരായ കർഷകരെ രക്ഷിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാർഷിക ഭൂമി സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ കൃഷി ഭൂമി പണയപ്പെടുത്തി എടുത്ത കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കായി ബാങ്കുകൾ സർഫാസി നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല.<br><br>വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി- കോംപ്രമൈസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യ വസ്തുക്കളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കർഷകർ ആധാരം പണയപ്പെടുത്തി ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനായി എടുത്തിട്ടുള്ള വായ്പകളെല്ലാം കർഷിക വായ്പകളായി കണക്കാക്കി സർഫാസി അടക്കമുള്ള നിയമങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) | 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റേഷൻ കാർഡിൽ തൊഴിൽ രേഖപ്പെടുത്തേണ്ട സ്ഥലത്ത് കർഷകൻ എന്ന് രേഖപ്പെടുത്തിയാൽ മാത്രമേ കാർഷിക സബ്സിഡിയും വായ്പകളും നൽകുകയുള്ളൂ എന്ന കേന്ദ്ര സർക്കാർ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സബ്സിഡി ലഭിക്കുവാൻ ഇത്തരത്തിൽ വ്യവസ്ഥ നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ